164 (1896) പ്ലാന്റേഷൻ കോർപ്പറേഷൻ അംഗങ്ങളുടെ ചികിൽസ ഇനത്തിലെ റീ-ഇംപേഴ്സ്മെന്റ്

<u>ശ്രീമതി രാധാരാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ചാർജ്ജ് എടുത്ത ശേഷം തനിക്കും ആശ്രിതർക്കും വേണ്ടി എത്ര രൂപ ചികിൽസ ഇനത്തിൽ കോർപ്പറേഷനിൽ നിന്നും റീ-ഇംപേഴ്സ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ:

(ബി) അതിൽ സ്വന്തം ആവശ്യത്തിനും ആശ്രിതർക്കും വേണ്ടി വാങ്ങിയ തുക എത്ര വീതമാണ് എന്ന് വെവ്വേറെ വ്യക്തമാക്കാമോ;

(സി) ചെയർമാൻ, ഡയറക്ടർമാർ എന്നിവർ ഓരോരുത്തരം എത്ര വീതം തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1862 രൂപ 30 പൈസ കോർപ്പറേഷനിൽ നിന്നും റീ-ഇംപേഴ്സ് ചെയ്തിട്ടുണ്ട്..

(ബി) മുഴുവൻ തുകയും മാനേജിംഗ് ഡയറക്ടറുടെ ചികിൽസയ്ക്ക് വേണ്ടിയാണ് നൽകിയിട്ടുള്ളത്.

(സി) കോർപ്പറേഷൻ ചെയർമാനും ഡയറക്ടർമാരും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനത്തിൽ തുകയൊന്നും വാങ്ങിയിട്ടില്ല..

165 (1897) പ്ലാന്റേഷൻ കോർപ്പറേഷനിലെ ടെലിഫോൺ ചാർജ്ജ്

<u>ശ്രീ. ജോർജ്ജ് ജെ മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.96 മുതൽ 31.12.98 വരെ കേരള പ്ലാന്റേഷൻ കോർപ്പറേഷനിൽ ടെലിഫോൺ ചാർജ്ജിനത്തിൽ ഓരോ ഫോണിനും എത്ര രൂപ വീതം ചെലവായി; ഇതിൽ മാനേജിംഗ് ഡയറക്ടർ എത്ര ചെലവാക്കി; ചെയർമാൻ എത്ര രൂപ ചെലവാക്കി;

(ബി) കോർപ്പറേഷനിൽ എത്ര സെല്ലുലാർ ഫോണുകളുണ്ട്; ഇവ ആരൊക്കെ ഉപയോഗിക്കുന്നു; പ്രതിമാസം നാളിതുവരെ എത്ര രൂപ വീതം ഇതിന് ചെലവായി; ഇതു വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1.4.96 മുതൽ 31.12.98 വരെ കേരളാ പ്ലാന്റേഷൻ കോർപ്പറേഷനിൽ ടെലിഫോൺ ചാർജ്ജിനത്തിൽ ഓരോ ഫോണിനും ചെലവായ തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.† ടെലിഫോൺ ചാർജ്ജിനത്തിൽ മാനേജിംഗ് ഡയറക്ടർക്ക് 1,04,260/ രൂപയും ചെയർമാന് 52,504/ രൂപയും ചെലവായിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പറേഷനിൽ ഒരു സെല്ലുലാർ ഫോണുണ്ട്. മാനേജിംഗ് ഡയറക്ടറും ചില അവസരങ്ങളിൽ ചെയർമാനും ഇതുപയോഗിക്കുന്നുണ്ട്. 5.4.98 മുതൽ 4.6.99 വരെ 15,014.33 രൂപ ബില്ലിനത്തിൽ ഇതിന് ചെലവായിട്ടുണ്ട്. ഇത് വാങ്ങിയതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. അനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്.

166 (1898) പ്ലാന്റേഷൻ കോർപ്പറേഷന്റെ റിസർച്ച് വിംഗ്

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ കേന്ദ്രമായി മാനേജിംഗ് ഡയറക്ടർ ഒരു റിസർച്ച്വിംഗ് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ജീവനക്കാരുണ്ട്; അവരുടെ ശമ്പളം എത്രയാണ്; ഏത് വിഷയത്തിലാണ് ഈ വിഭാഗം ഗവേഷണം നടത്തുന്നത്; ഇതുകൊണ്ട് കോർപ്പറേഷനുള്ള നേട്ടമെന്താണ്; മാനേജിംഗ് ഡയറക്ടറുടെ റിസർച്ചിനെ ഇത് ഏത് വിധത്തിൽ സഹായിക്കും;

(ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങളും ഗവേഷണവും ഗവേഷണ സെല്ലും കോർപ്പറേഷന്റെ പുരോഗതിക്ക് വിഘാതമാവുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ കേന്ദ്രമായി മാനേജിംഗ് ഡയറക്ടർ ഒരു റിസർച്ച് വിംഗ് സംഘടിപ്പിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

167 (1899) എൻകയറി ഓഫീസർമാർ

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ 1.4.90 മുതൽ ഓരോ വർഷവും ഗാർഹിക എൻകയറിക്ക് എത്ര അഡ്വക്കേറ്റുമാരെ എൻകയറി ഓഫീസർമാരാക്കിയിട്ടുണ്ട്; ഇവർ ആരൊക്കെയായിരുന്നു; ഓരോരുത്തർക്കും എത്ര എൻകയറി വീതം നൽകി; ഓരോ എൻകയറിക്കും എത്ര ഫീസ് വീതം നൽകി; ഓരോരുത്തർക്കും മൊത്തം നൽകിയ തുക എത്ര വീതം;

(ബി) 1.4.96 മുതൽ നിയമിക്കപ്പെട്ട എൻകയറി ഓഫീസർമാർ ആരൊക്കെ; അവർക്ക് ഓരോരുത്തർക്കും എത്ര കേസ്സുകൾ വീതം നൽകി; അവർക്ക് ഓരോരുത്തർക്കും നൽകിയ ഫീസ് എത്ര വീതമാണ്?

<u>ഉത്തരം</u>

(എ) & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

168 (1900) പ്ലാന്റേഷൻ കോർപ്പറേഷന്റെ പരസ്യം

<u>ശ്രീ കെ.എ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly